പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1592 31-01-2018-ലെ മറുപടിയ്ക്ക്

## കർഷക വായ്പകളിന്മേൽ മോറട്ടോറിയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) കർഷക വായ്പകളിന്മേൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയത്തിന്റെ കാലാവധി അവസാനിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; മോറട്ടോറിയം നീട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം 2017 മേയ് 31-ന് അവസാനിച്ചു പ്രസ്തുത മോറട്ടോറിയത്തിന്റെ കാലാവധി നീട്ടിയിട്ടില്ല. |
| (ബി) കർഷക വായ്പ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; കാർഷിക, സഹകരണ ബാങ്കുകളിൽ കർഷകർക്ക് എത്ര രൂപയുടെ വായ്പാ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി ചെയ്യുന്ന വിളയ്ക്ക് നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫൈനാൻസ് ആണ് ഹ്രസ്വകാല വായ്പാ തുക നിർണ്ണയിക്കുന്ന മാനദണ്ഡം . ഏതു അടിസ്ഥാന സൗകര്യമാണോ ഏർപ്പെടുന്നത് അതിന് നബാർഡ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് ആണ് ദീർഘകാല വായ്പാ തുക നിർണ്ണയിക്കുന്ന മാനദണ്ഡം. 2016-17 സാമ്പത്തിക വർഷം കാർഷിക സഹകരണ ബാങ്കുകളിൽ കർഷകർക്ക് 1877.4386 കോടി രൂപയുടെ വായ്പ കുടിശ്ശികയാണ്. |
| (സി) കാർഷിക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഈ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്നും വ്യക്തമാക്കാമോ; | (സി) | കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ 31/10/2015 വരെ 477198 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 439805 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളിൽ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; കാർഷിക കടാശ്വാസ കമ്മീഷൻ അവസാനമായി അപേക്ഷകൾ സ്വീകരിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | | അപേക്ഷകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് സിറ്റിംഗുകൾ നടത്തി കടാശ്വാസത്തിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു വരുന്നു. ജപ്തി നടപടികളാൽ കിടപ്പാടം നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ കമ്മീഷൻ നടത്തുകയും സ്റ്റേ അനുവദിക്കുകയും ചെയ്യുന്നു. 31/10/2015-ൽ ആണ് അവസാനമായി അപേക്ഷകൾ സ്വീകരിച്ചത്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കർഷകർക്ക് എത്ര രൂപയുടെ കടാശ്വാസ ശിപാർശ കമ്മീഷനിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6193 കർഷകർക്കായി 16,06,77,951/- രൂപയുടെ കടാശ്വാസ ശിപാർശ നൽകിയിട്ടുണ്ട്. |
| (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കടാശ്വാസത്തിന് ബജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. |
| (ജി) | ഈ തുക കടാശ്വാസമായി നൽകിയോ എന്ന് വ്യക്തമാക്കാമോ? | (ജി) | 20 കോടി രൂപയും കടാശ്വാസമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ